"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- മാലിന്യമുക്തം നവകേരളം പ്രഖ്യാപനത്തിനോടനുബന്ധിച്ച് നടത്തേണ്ട പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ചെലവാക്കാവുന്ന പരമാവധി തുക നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ. എം) വകുപ്പ്**

സ.ഉ.(സാധാ) നം.776/2025/LSGD തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.717/2025/LSGD തീയതി, 17-03-2025

**<u>ഉത്തരവ്</u>**

മാലിന്യമുക്തം നവകേരളം പ്രഖ്യാപനത്തിനോടനുബന്ധിച്ച് വാർഡ് തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങളിൽ ഈ പരിപാടികളുടെ മുഴുവൻ ചെലവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തലത്തിൽ പരമാവധി 2 ലക്ഷം, മുനിസിപ്പാലിറ്റി തലത്തിൽ പരമാവധി 5 ലക്ഷം , കോർപ്പറേഷൻ തലത്തിൽ പരമാവധി 10 ലക്ഷം വരെ ചെലവാക്കാവുന്നതാണെന്നും പ്രതിപാദിച്ചിരുന്നു . എന്നാൽ ബ്ലോക്ക് തലത്തിൽ ചെലവാക്കാവുന്ന തുക പരാമർശിച്ചിരുന്നില്ല.ഈ സാഹചര്യത്തിൽ മാലിന്യമുക്തം നവകേരളം പ്രഖ്യാപനത്തോടനുബന്ധിച്ച പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പരമാവധി 2ലക്ഷം രൂപ വരെ ചെലവ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

കോ ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ, കില

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ.6) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ(I&PRD ), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 23-03-2025 07:06:35
സെക്ഷൻ ഓഫീസർ